ഉത്തരം

(എ) വയ്യാങ്കര് ചിറയിലെ ടൂറിസം പദ്ധതിക്കാവശ്യമായ സ്ഥലം ഉടനടി ലഭ്യമാക്കുവാൻ ഡി.റ്റി.പി.സി. ചെയർമാൻ കൂടിയായ ആലപ്പുഴ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതാണ്.

(സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

കാപ്പാട്—തുഷാരഗിരി റോഡിന്റെ പണി ആരംഭിക്കാൻ നടപടി

89 [1986] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയ കോഴിക്കോട് ജില്ലയിലെ കാപ്പാട്—തുഷാരഗിരി റോഡിന്റെ പണി ആരംഭിക്കാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എത്ര തുകയുടെ എസ്റ്റിമേറ്റാണ് ഇതിനായി തയ്യാറാക്കിയിട്ടുള്ളത്:

(സി) പ്രസ്തുത റോഡിന്റെ ഓരോ റീച്ചും എത്ര കി.മീറ്ററാണെന്നും ഓരോന്നിനുമുള്ള എസ്റ്റിമേറ്റ് തുക എത്ര വീതമാണെന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത റോഡ് ഏതെല്ലാം പഞ്ചായത്തുകളിലൂടെ കടന്നുപോകുന്നു എന്ന് രൂട്ടുസഹിതം വിശദമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി. തയ്യാറാക്കിയ ഒരു എസ്റ്റിമേറ്റ് ഈ വകുപ്പിന് സമർപ്പിച്ചിരുന്നു. എന്നാൽ വളരെ ഉയർന്ന ചെലവ് പ്രതീക്ഷിക്കുന്ന ടി റോഡിന്റെ വികസനം ഏറ്റെടുക്കാൻ ടൂറിസം വകുപ്പിന് കഴിയില്ല.

(ബി) ഇതിനായി ആദ്യപകുതിയായി 13 കോടി രൂപയുടെ എസ്റ്റിമേറ്റും രണ്ടാം പകുതിയായി 23 കോടി രൂപയുടെ എസ്റ്റിമേറ്റും ആണ് പി. ഡബ്ല്യു. ഡി. തയ്യാറാക്കിയിട്ടുള്ളത്.

(സി, ഡി) പദ്ധതി ഏറ്റെടുക്കാൻ കഴിയാത്തതിനാൽ വിശദാംശങ്ങൾ പരിശോധിച്ചിട്ടില്ല.

വിനോദസഞ്ചാരികളെ രക്ഷിക്കുന്നതിന് സംവിധാനം

90 [1987] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ ടൂറിസം പദ്ധതി പ്രദേശത്ത് വിനോദ സഞ്ചാരികൾ നിരന്തരമായി അപകടത്തിൽപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിന് സംവിധാനങ്ങൾ നിലവിലുണ്ടോ;

(സി) എങ്കിൽ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ). ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്.

(സി) ബേക്കൽ കോട്ടയിലും ബീച്ചിലും അപകടസാദ്ധ്യതയുള്ള സ്ഥലങ്ങളിൽ അപകട സൂചനാ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, ടൂറിസ്റ്റ് പോലീസുകാരുടെ സേവനവും ലൈഫ് ബോയ്കളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

ആക്കുളം ടൂറിസ്റ്റ് മേഖലയിലെ വികസനപ്രവർത്തനങ്ങൾ

91 [1988] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ ആക്കുളം ടൂറിസ്റ്റ് വില്ലേജിൽ ബഹു. വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി 21-10-2004-ൽ സന്ദർശനം നടത്തിയിരുന്നോ ;

(ബി) പ്രസ്തുത സന്ദർശനത്തെ തുടർന്ന് ആക്കുളം ടൂറിസ്റ്റ് മേഖലയിൽ സമയബന്ധിതമായി നടപ്പാക്കാമെന്ന് അറിയിച്ചിരുന്ന വികസന പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് അവസ്ഥയിലാണ്;

(സി) ആക്കുളം കായലിലെ നിർദ്ദിഷ്ട വാക്ക്വേയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കാൻ നടപടികൾ നിർദ്ദേശിക്കുമോ ;

(ഡി) നിർമ്മാണം പൂർത്തിയാക്കാനാകാതെ അവശേഷിക്കുന്ന കൃത്രിമ വെള്ളച്ചാട്ടം 2005 ഏപ്രിലിനുമുമ്പ് പ്രവർത്തനക്ഷമമാക്കാൻ നടപടി കൈക്കൊള്ളുമോ;

(ഇ) ആക്കുളത്തെ പുന്തോട്ടവും കുട്ടികളുടെ പാർക്കും നവീകരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ആക്കുളം മേഖലയിൽ കേരള സർവ്വകലാശാല അക്വാട്ടിക് ബയോളജി വകുപ്പിന്റെ അധീനതയിലുള്ള അക്വേറിയം പ്രവർത്തനവുമായി സഹകരിച്ച് ടൂറിസം സാദ്ധ്യതകൾ വിപുലമാക്കാൻ പദ്ധതിയുണ്ടോ?

ഉത്തരം

(എ) നടത്തിയിരുന്നു.

(ബി) ആക്കുളം വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ പ്രോജക്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly